"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

നം.ഇ.എം.3/210/2020/ത.സ്വ.ഭ.വ    തിരുവനന്തപുരം,തീയതി: 22/12/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020-ലെ പൊതുതെരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട കൂടുതൽ നടപടികൾ സംബന്ധിച്ച്.

സൂചന:- 1. തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പിന്റെ 30.11.2020 ലെ ഇ.എം.3/172/2020-ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

2. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 18.12.2020-ലെ ബി1/33870/2020/സം.തി.ക. നമ്പർ കത്ത്.

************************

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലേക്കും ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ജില്ലാ പഞ്ചായത്തുകളിലേക്കും മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും 2020 ഡിസംബറിൽ നടന്ന പൊതുതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും കഴിഞ്ഞതിനു ശേഷം, പൊതു തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം ഭരണ സമിതിയുടെ കാലാവധി 2020 നവംബർ 11-നും ഡിസംബർ 20-നും ഇടയ്ക്കുള്ള കാലാവധിയിൽ അവസാനിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും 2020 ഡിസംബർ 21 -ാം തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുത്ത് അധികാരമേൽക്കാൻ നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഡിസംബർ 21-ന് സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാൻ കഴിയാത്ത അംഗങ്ങൾക്ക്/കൗൺസിലമാർക്ക് ഡിസംബർ 28-ന്/ 30-ന് നടക്കുന്ന അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പിന് പങ്കെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നതിനാൽ, അത്തരത്തിൽ ഡിസംബർ 21-ന് സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാൻ കഴിയാതിരുന്ന അംഗങ്ങൾക്ക്/കൗൺസിലർമാർക്ക് പ്രായം കൂടിയ അംഗത്തിന് മുമ്പാകെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിന് ഒരു അവസരം കൂടി നൽകുന്നതിന് തീയതി നിശ്ചയിച്ച് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

ഭരണ സമിതിയുടെ കാലാവധി 2020 നവംബർ 11-നും ഡിസംബർ 20-നും ഇടയ്ക്കുള്ള കാലാവധിയിൽ അവസാനിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ സൂചന (1) സർക്കുലറിലെ നിർദ്ദേശിച്ചിരുന്നതു പോലെ 2020 ഡിസംബർ 21-ാം തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യാൻ കഴിയാതിരുന്ന അംഗങ്ങൾ/കൗൺസിലർ 2020 ഡിസംബർ 26-ാം തീയതി പ്രായംകൂടിയ അംഗത്തിന് മുമ്പാകെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ എടുത്ത് അധികാരമേൽക്കേണ്ടതാണ്.

ഇപ്രകാരം സത്യപ്രതിജ്ഞ ചെയ്യുന്ന തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതാണെന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പ് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി നൽകേണ്ടതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.

(നഗരകാര്യ ഡയറക്ടർ മുഖേന)

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.

എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ